(ഡി) ബോർഡ് നേരിട്ട് നടപ്പാക്കിയ വായ്പാ പദ്ധതികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബോർഡ് ജില്ലാ കളക്ടർമാർ വഴി നടപ്പിലാക്കിയ ദുർബല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടില്ല.

(ഇ) ജില്ലാ കളക്ടർമാർ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള വായ്പാ പദ്ധതി കളിലെ തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുക തഹസീൽദാർമാർ ട്രഷറിയിൽ നിക്ഷേപിച്ചിട്ട് ട്രഷറി ചെക്കുകൾ നൽകുകയാണ് ചെയ്യുന്നത്. ടി ചെക്കുകൾ ട്രഷറി നിയന്ത്രണംമൂലം പലപ്പോഴും മാറിക്കിട്ടാൻ താമസം നേരിടാറുണ്ട്.

(എഫ്) ബാക്കി തുക തിരിച്ചടയ്ക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശബരി റെയിൽവെയുടെ സ്ഥലമെടുപ്പ് നടപടി

2 [2140] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവെയുടെ സ്ഥലമെടുപ്പ് നടപടി എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) 2002-ൽ ഇതിനായി 6 കോടി രൂപ അനുവദിച്ചിരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലമെടുപ്പിന്റെ ചുമതല ഇപ്പോൾ ആർക്കാണ്;

(ഡി) ഇതിനായി മൂവാറ്റുപുഴയിൽ ഒരു സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശബരി റെയിൽവേപ്പാതയുടെ സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള സർവേ ജോലികൾ തുടർന്നുവരുന്നു.

(ബി) ഉണ്ട്. ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

(സി) സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) റെയിൽവേ എറണാകുളം ഓഫീസിനാണ് ഇപ്പോൾ ചുമതല.

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly